# വ്യവസായം ഇനി വിരൽത്തുമ്പിൽ

### അനുമതികൾക്ക് ഇനി ചുവപ്പ് നാടകളില്ല. വീട്ടിൽ നിന്ന് പുറത്തിറങ്ങാതെ വ്യവസായത്തിനുള്ള അനുമതി നേടാം



EMPOWERING ENTERPRISES
Business *made easy!*

**K-Swift**
Single Window Interface for Fast & Transparent Clearance

മരുഭൂവിൽ കിടന്ന് ആയുഷ്ക്കാലം എല്ല് നീരാക്കി സമ്പാദിച്ചതെല്ലാം മുടക്കി ഗൾഫ് മോട്ടേഴ്സ് തുടങ്ങി വരവേൽപ്പിലെ മുരളി, എന്നാൽ നാട്ടിലെ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും തൊഴിലാളി സംഘടനകളുടെ പിടിവാശിയും മൂലം സ്വപ്നങ്ങളെല്ലാം തകർത്ത് വീണ്ടും മണലാര്യത്തിലേക്ക് പറക്കേണ്ട അവസ്ഥ ഒരുകാലം വരെ കേരളത്തിൽ വ്യവസായം തുടങ്ങാനെത്തുന്ന ആരുടെയും മനസ്സിൽ ഈയൊരു ചിത്രമായിരുന്നു. വ്യവസായമോ കച്ചവടസ്ഥാപനമോ തുടങ്ങാൻ പല ഓഫീസുകൾ കയറിയിറങ്ങി മനസുമടുത്ത് അന്യനാട്ടിൽ പണി തേടിപ്പോയ എത്രയോ മലയാളികളുണ്ട്. എന്നാൽ ഇനി അത്തരമൊരു കഥ നമ്മൾ കേൾക്കില്ല. കാലം മാറിയപ്പോൾ കഥയും മാറി. ഇന്ത്യയിലെ മുൻനിര വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളം തിളങ്ങുകയാണിപ്പോൾ. കേരള സർക്കാറിന് കീഴിലെ 21 വകുപ്പുകളിൽ നിന്നുള്ള 85 ലേറെ അനുമതികൾ ഒരൊറ്റ വെബ് പോർട്ടലിൽ നിന്ന് സംരംഭകർക്ക് വീട്ടിലിരുന്ന് കൊണ്ട് നേടിയെടുക്കാം. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കികൊണ്ടിരിക്കുന്ന കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) സജ്ജമാക്കിയിരിക്കുന്ന ഏകജാലക ക്ലിയറൻസ് വെബ് പോർട്ടലായ കെ-സ്വിഫ്റ്റ് (Kerala Single Window Interface for Fast and Transparent Clearance) ആണ് അനുമതികളുടെ കാര്യത്തിൽ വൻവിപ്ലവം സംസ്ഥാനം സൃഷ്ടിച്ചിരിക്കുന്നത്. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതിനോടൊപ്പം നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കി നൽകാനും കെ-സ്വിഫ്റ്റ് സജ്ജമാണ്.

സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷത്തെ ഉത്തേജിപ്പിക്കുന്നതിനും വേണ്ട വിധത്തിലുള്ള പ്രോത്സാഹനം നൽകുന്നതിനും വേണ്ടി നിരവധി നടപടികൾ സർക്കാർ കാലാകാലങ്ങളിൽ സ്വീകരിച്ചു വന്നിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതികൾ നൽകുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ നടപ്പിലാക്കിയതും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നയപരമായ വളരെയധികം തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കിയത് ഇതിനുദാഹരണങ്ങളാണ്. അത്തരമൊരു ഇടപെടലിന്റെ തുടർച്ചാണ് കെ-സ്വിഫ്റ്റിലൂടെയും സംഭവിക്കുന്നത്.

മതിയായ വിവരങ്ങളോടെ അപാകതകളില്ലാതെ സമർപ്പിച്ച അപേക്ഷകളിലെ സംസ്ഥാനത്തെ നിയമങ്ങളുടെ കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള സംവിധാനമാണ് കെ-സ്വിഫ്റ്റിലുള്ളത്. ആ നിശ്ചിത സമയ പരിധിക്കുള്ളിൽ ഉദ്യോഗസ്ഥർ അനുമതി നൽകിയില്ലെങ്കിൽ കൽപ്പിത അനുമതി ഓട്ടോമാറ്റിക്കായി സംരംഭകന് ലഭിക്കും. അതായത് അപേക്ഷകൾ വെച്ചുതാമസിപ്പിക്കാനോ സംരംഭകനെ ഓരോരോ കാര്യങ്ങൾ പറഞ്ഞ് ഓഫീസുകൾ കയറിയിറക്കാനോ ഉദ്യോഗസ്ഥർക്ക് സാധിക്കില്ല.

## ഈസിയായി വ്യവസായം ചെയ്യാം

ലോകബാങ്ക്, വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എളുപ്പത്തിന്റെയും സുതാര്യതയുടെയും അടിസ്ഥാനത്തിൽ രാജ്യങ്ങളെ ആഗോളതലത്തിൽ ശ്രേണി തിരിച്ച് പട്ടിക പ്രസിദ്ധീകരിക്കുന്ന രീതി 2003 ൽ തുടങ്ങിയിരുന്നു. 2014 ലാണ് ഇന്ത്യ ഈ പ്രക്രിയയുടെ ഭാഗമാകുന്നത്. വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ലോകബാങ്ക് രാജ്യങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ്



എസ്. ഹരികിഷോർ
എം.ഡി, കെ.എസ്.ഐ.ഡി.സി
ഡയറക്ടർ, വ്യവസായ വാണി
ജ്യ വകുപ്പ്


**കെ-സ്വിഫ്റ്റിന്റെ അടുത്ത പതിപ്പ് കൂടുതൽ വകുപ്പുകളും സേവനങ്ങളും കൂട്ടിച്ചേർത്തുകൊണ്ട് അധികം വൈകാതെ പുറത്തിറങ്ങും. FSSAI, CZMA, ഡ്രഗ്സ് കൺട്രോൾ, ഹെൽത്ത് തുടങ്ങിയ വിവിധ വിഭാഗങ്ങൾ അതിന്റെ ഭാഗമായിരിക്കും പുതുക്കിയ ഈ പതിപ്പിനൊപ്പം മൊബൈൽ ആപ്പും പുറത്തിറക്കും.**

ബിസിനസ് പട്ടിക തയ്യാറാക്കുന്നത്.

വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള എളുപ്പം, കെട്ടിട നിർമ്മാണത്തിനുള്ള അനുമതികൾ ലഭ്യമാക്കുന്നതിനുള്ള വേഗത, വസ്തു രജിസ്റ്റർ ചെയ്യുന്നതിനുള്ള എളുപ്പം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, വ്യവസായ സ്ഥാപങ്ങളിലെ വകുപ്പുതല പരിശോധനകളുടെ സുതാര്യത, തുടങ്ങിയ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് രാജ്യങ്ങളുടെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് പട്ടിക ലോകബാങ്ക് തയ്യാറാക്കുന്നത്. അക്കാലങ്ങളിൽ ഡൽഹി, കൊൽക്കൊത്ത, മുംബൈ, ബാംഗളൂർ എന്നീ മഹാനഗരങ്ങളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എളുപ്പത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയുടെ സ്ഥാനം നിശ്ചയിച്ചിരുന്നത്. പങ്കെടുക്കുന്ന 190 രാജ്യങ്ങളിൽ 142 ആയിരുന്നു 2014 ൽ ഇന്ത്യയുടെ സ്ഥാനം. 2020 ൽ ഇത് 63 ആയി ഉയർന്നിട്ടുണ്ട്. സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് പദ്ധതികൾ രാജ്യത്തിൻറെ റാങ്കിങ് ഉയർത്തുന്നതിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. 2016 മുതലാണ് നമ്മുടെ സംസ്ഥാനം 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് ' പരിഷ്കാരങ്ങൾ നടപ്പിലാക്കി തുടങ്ങിയത്. ഇതിലേക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ഒരു നോഡൽ ഏജൻസിയായി നിയോഗിച്ചു.

## നാളെ എന്നതില്ല, എല്ലാം ഇന്നു തന്നെ

നിങ്ങൾക്ക് സംരംഭം തുടങ്ങാൻ നല്ല സമയം നോക്കി ഇനി കാത്തിരിക്കേണ്ട. ഇന്നുതന്നെ വേണമെങ്കിൽ ഇന്നുതന്നെയാകാം. അതിനുള്ള അനുമതി പത്രവും കെ-സ്വിഫ്റ്റിൽ നിന്ന് ഞൊടിയിടയിൽ നേടിയെടുക്കാം. നമ്മുടെ കേരളത്തിൽ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന വൻകിട കമ്പനികൾ സ്ഥാപിക്കാൻ സാധിക്കില്ല. ചെറുകിട ഇടത്തരം സംരംഭങ്ങളാണ് കേരളത്തിന് അനുയോജ്യം. ഇത് തിരിച്ചറിഞ്ഞ് അനായാസം കേരളത്തിൽ ചെറുകിട ഇടത്തരം സംരംഭങ്ങൾ തുടങ്ങാനായാണ് സംസ്ഥാന സർക്കാർ കേരള സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ നിയമം 2019 കൊണ്ടുവന്നത്. 50 കോടി രൂപയിൽ താഴെ മുതൽമുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം ചുവപ്പു വിഭാഗത്തിൽപ്പെടാത്തതുമായ ഏതൊരു വ്യവസായ സംരംഭം തുടങ്ങുന്നതിനും, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽവരുന്ന ചില അനുമതികൾ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ടുള്ളതാണ് ഈ നിയമം. സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് അനുമതി പത്രം ഉടൻ ലഭ്യമാക്കുന്നതിന് ഇതുവഴി സംരംഭകന് സാധിക്കും.




വളരെ ലളിതമാണ് കെസ്വിഫ്റ്റിന്റെ വെബ്സൈറ്റ്. http://www.kswift.kerala.gov.in എന്ന വെബ് പോർട്ടലിൽ ഏതൊരാൾക്കും നേരിട്ട് കയറി സേവനങ്ങൾ നേടാം.

### സവിശേഷതകൾ

- ഇ-മെയ്ൽ ഐ.ഡിയും മൊബൈൽ നമ്പറും നൽകിക്കൊണ്ട് വൺ ടൈം രജിസ്ട്രേഷൻ നടത്താനാകും.
- സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിൽ നിന്ന് അനുമതികൾ, ലഭിച്ചിട്ടുള്ള അനുമതികൾ പുതുക്കൽ എന്നീ സേവനങ്ങൾ തേടുന്നവർ "File Common application Form (CAF) for approvals' ൽ ക്ലിക്ക് ചെയ്യണം.
- അതല്ല മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ പെടാത്ത ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാനാണെങ്കിൽ 'MS-ME Acknowledgement Certificate' എന്നതിൽ ക്ലിക്ക് ചെയ്യുക.
- നിങ്ങളുടെ സംരംഭത്തിന്റെ പേര് നൽകുക.
- നിങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ പരമാവധി വിവരങ്ങൾ വെബ് പോർട്ടലിലുള്ള ചോദ്യങ്ങൾക്കുള്ള മറുപടിയായി നൽകുക.
- മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ഇഅഎ പൂരിപ്പിച്ച് അപ്ലോഡ് ചെയ്യുക.
- വിവിധ വകുപ്പുകളിൽ നിന്നുവേണ്ട അനുമതികളുടെ കാര്യങ്ങൾ പൂരിപ്പിക്കുക.
- അപേക്ഷിച്ച അനുമതികൾക്കു വേണ്ട ഫീസ് സിസ്റ്റം തന്നെ കണക്കുകൂട്ടി പറയും.
- മതിയായ തുക അടച്ച് അപേക്ഷ സമർപ്പിക്കണം.
- സംരംഭകൻ അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ വകുപ്പുകൾ അതിന്റെ പ്രോസസിംഗ് ആരംഭിക്കും.
- കൂടുതൽ വിവരങ്ങൾ വേണമെങ്കിലോ ഫീസ് കൂടുതൽ അടയ്ക്കേണ്ടതുണ്ടെങ്കിലോ അക്കാര്യം കെ-സ്വിഫ്റ്റിലൂടെ തന്നെ അപേക്ഷകനെ അറിയിക്കും.
- 30 ദിവസത്തിനുള്ളിൽ അപേക്ഷ നിരസിച്ച കാര്യമോ അനുമതി സംബന്ധിച്ച അറിയിപ്പോ ലഭിച്ചില്ലെങ്കിൽ അപേക്ഷയിന്മേൽ കൽപ്പിത അനുമതിയായി.
- ഇ-മെയ്ൽ വഴിയും എസ്.എം.എസ് വഴിയും അപ്പപ്പോൾ അലർട്ടുകളും അക്നോളഡ്ജ്മെന്റും ലഭിക്കും.
- അപേക്ഷയുടെ പ്രോസസിംഗ് സംബന്ധിച്ച കാര്യങ്ങൾ യൂണീക് നമ്പർ വെച്ച് അറിയാൻ സാധിക്കും.
- സംശയങ്ങൾ ചോദിക്കാനും പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹാരത്തിനും സംവിധാനമുണ്ട്.